'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4130 — 24.06.2019 ൽ മറുപടിയ്ക്ക്

### വനവിഭവങ്ങളുടെ ശേഖരണവും സംസ്കരണവും

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.ഐ.ബി. സതീഷ് | | മറുപടി<br>അഡ്വ.കെ.രാജു<br>( വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി ) | |
|---|---|---|---|
| (എ) | ഔഷധ സസ്യങ്ങളുടെയും മറ്റ് തടി ഇതര വന ഉല്പന്നങ്ങളുടെയും സംരക്ഷണത്തിനും പരിപാലനത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഔഷധ സസ്യങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും , അവയുടെ പരിപാലനത്തിനുമായി ദേശീയ ഔഷധസസ്യ ബോർഡിന്റെ ധന സഹായത്തോടെ വിവധ പദ്ധതികൾ വനം വകുപ്പ് നടത്തി വരുന്നുണ്ട്. വനാവകാശ നിയമ പ്രകാരം കാട്ടിൽ നിന്നും തടി ഇതര വന വിഭവങ്ങൾ ശേഖരിക്കുന്നത് ആദിവാസികളുടെ അവകാശമാണ്. എന്നാൽ ആദിവാസികൾ ഇത്തരം വിഭവങ്ങൾ ശേഖരിക്കുന്നത് തങ്ങളുടെ തനത് അറിവിലൂടെയാണ്. ശാസ്ത്രീയമായി വനവിഭവങ്ങൾ ശേഖരിക്കുന്നത് അവയുടെ നിലനിൽപ്പും സ്ഥിരലഭ്യതയും ഉറപ്പു വരുത്തും എന്നതിനാൽ ആദിവാസികൾക്ക് ശാസ്ത്രീയ വനവിഭവ ശേഖരണത്തിൽ വിവിധ സ്ഥാപനങ്ങളിലൂടെ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ |

| | | | |
|---|---|---|---|
| | | | ഏകദേശം 500 ആദിവാസികൾക്ക് വനവിഭവശേഖരണത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ പട്ടികവർഗ്ഗ സൊസൈറ്റികളിലൂടെയും വനശ്രീ വഴി മൂല്യവർദ്ധനവ് വരുത്തിയും വിപണനം ചെയ്തു വരുന്നു. വനവിഭവ സംഭരണത്തിനും , മൂല്യ വർദ്ധനവിനും ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധനസഹായത്തോടെ ഗോഡൗണുകളും ,മൂല്യ വർദ്ധനവിനായുള്ള സാധനസാമഗ്രികളും ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിൻ കീഴിൽ ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന ട്രൈബൽ കോ ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഡെവലപ് മെന്റ് ഫെഡറേഷൻ ഓഫ് ഇൻഡ്യ (TRIFED) യുടെ ധനസഹായത്തോടെ താങ്ങുവില നൽകി തേൻ ശേഖരിക്കുന്നതിനും അതിന്റെ സംഭരണം , മൂല്യവർദ്ധനവ് , വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിനുമായി കേന്ദ്രസർക്കാർ ഒരു പദ്ധതി അംഗീകരിച്ച് ഫണ്ട് അനുവദിച്ചിട്ടുണ്ട്. തുക ലഭ്യമായാൽ അത് ഈ വർഷം തന്നെ നടപ്പാക്കാനാകും. |

| | | | |
|---|---|---|---|
| (ബി) | തടി ഇതര ഉല്പന്നങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും അവയുടെ വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | ചെറുകിട വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും, സംസ്കരിക്കുന്നതിനും മൂല്യവർദ്ധനവ് നടത്തുന്നതിനുമായി വനസംരക്ഷണ സമിതി അംഗങ്ങൾക്ക് വനം സർക്കിൾ തലത്തിൽ . കീ സ്റ്റോൺ ഫൗണ്ടേഷൻ , ഔഷധി മുതലായ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടി പരിശീലനം നൽകുന്നുണ്ട്. ഏകദേശം 500 ഓളം വന സംരക്ഷണ സമിതി അംഗങ്ങൾക്ക് ഇതിനോടകം പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ ദേശീയ ഔഷധ സസ്യ ബോർഡിന്റെ പദ്ധതികളിലൂടെ സംഭരണത്തിനും , മൂല്യ വർദ്ധനവിനുമുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട് . കൂടാതെ ട്രൈബൽ കോ ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഡെവലപ് മെന്റ് ഫെഡറേഷൻ ഓഫ് ഇൻഡ്യ (TRIFED)യുടെ ധനസഹായത്തോടെയുള്ള ഒരു പദ്ധതിയിലൂടെ തേൻ സംഭരിക്കുന്നതിനും അവയുടെ വിപണനത്തിനുമുള്ള ഒരു പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. TRIFED വഴി വനശ്രീ ഉൽപ്പന്നങ്ങളും തിരിച്ചും വിപണനം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയും നടപ്പാക്കുന്നുണ്ട്. കൂടാതെ വനശ്രീ ഉൽപ്പന്നങ്ങൾ ഓൺലൈൻ മാർക്കറ്റിംഗിലൂടെ വിപണനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (സി) | വനാശ്രിത സമൂഹത്തിന്റെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുന്നതിനായി വനസംരക്ഷണ സമിതിയുടെയും ഇക്കോ ഡെവലപ് മെന്റ് കമ്മിറ്റികളുടെയും സഹകരണത്തോടെ വനവിഭവങ്ങളുടെ ശേഖരണവും സംസ്കരണവും ശാസ്ത്രീയമായി നടത്തുന്നത് സംബന്ധിച്ച് എന്തെല്ലാം പരിശീലനങ്ങളാണ് അവർക്ക് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ചെറുകിട വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും , സംസ്കരിക്കുന്നതിനും , മൂല്യവർദ്ധനവ് നടത്തുന്നതിനുമായി വന സംരക്ഷണ സമിതി അംഗങ്ങൾക്ക് വനം സർക്കിൾ തലത്തിൽ കീ സ്റ്റോൺ ഫൗണ്ടേഷൻ , ഔഷധി മുതലായ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടി പരിശീലനം നൽകുന്നുണ്ട്. ഏകദേശം 500 ഓളം വന സംരക്ഷണ സമിതി അംഗങ്ങൾക്ക് ഇതിനോടകം പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട് . ഇതൊരു തുടർ പരിപാടിയാണ്. |

സെക്ഷൻ ഓഫീസർ